## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2261** 18.06.2013 ൽ മറുപടിക്ക്

**<u>സർക്കാർ വകുപ്പുകളിൽ ഇ-ടെണ്ടറിംഗ് സംവിധാനം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. വി. പി. സജീന്ദ്രൻ**<br>**ശ്രീ. വർക്കല കഹാർ**<br>**ശ്രീ. കെ. ശിവദാസൻ നായർ**<br>**ശ്രീ. പി.സി. വിഷ്ണുനാഥ്** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി)** |
| (എ) | സർക്കാർ വകുപ്പുകളിൽ ഇ-ടെണ്ടറിംഗ് സംവിധാനത്തിന് തുടക്കമിട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നല്കുമോ; | (ബി) | കരാർ/ടെൻഡർ പ്രക്രിയയുടെ സുതാര്യതയും തുറന്ന മത്സരവും ടെൻഡറുകളുടെ രഹസ്യ സ്വഭാവവും കാത്തു സൂക്ഷിക്കുക, ടെൻഡർ നടപടികളിലെ കാലതാമസം ഒഴിവാക്കി സമയ ബന്ധിതമായി ടെൻഡർ പ്രക്രിയ പൂർത്തീകരിക്കുക, സർക്കാർ ചെലവ് ഗണ്യമായി കുറയ്ക്കുക എന്നിവയാണ് ഇ -പ്രൊക്യൂർമെന്റ് /ഇ-പേയ് മെൻറ് എന്ന കടലാസു രഹിത സംവിധാനത്തിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) | സർക്കാർ വകുപ്പുകളിലെ ദർഘാസ് പ്രക്രിയകളുടെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) & (ഡി) | ഇ -പ്രൊക്യൂർമെന്റ് /ഇ-പേയ് മെൻറ് സംവിധാനത്തിന്റെ പ്രധാന സവിശേഷതകളും ഇതിലൂടെ ലഭ്യമാകുന്ന സേവനങ്ങളും ചുവടെ ചേർക്കുന്നു.<br>• ടെൻഡറുകളുടെ രൂപീകരണം, പ്രസിദ്ധീകരണം, സമർപ്പണം എന്നിവ ഓൺലൈൻ മുഖേന ഡിജിറ്റൽ സിഗ്നേച്ചറിന്റെ സഹായത്തോടെ സാധ്യമാകുന്നു.<br>• 24 മണിക്കൂറും ടെൻഡർ സമർപ്പിക്കുന്നതിനുള്ള സൗകര്യം<br>• ഏതു സമയത്തും എവിടെ നിന്നും ടെൻഡറുകൾ സമർപ്പിക്കാനുള്ള സൗകര്യം<br>• ഓൺ ലൈനായി ടെൻഡർ തുറക്കുന്നതിനുള്ള സൗകര്യം<br>• ടെൻഡർ ഫീസ്, നിരതദ്രവ്യം എന്നിവ ഓൺലൈനിലൂടെ അടക്കാനുള്ള സംവിധാനം.<br>• ടെൻഡറിൽ വിജയിക്കാത്തവർക്ക് അവരുടെ നിരത ദ്രവ്യം കാലതാമസമില്ലാതെ തിരികെ നല്കുന്നതിനുള്ള സംവിധാനം.<br>• ദർഘാസുകൾ തുറക്കുന്ന സമയത്ത് മാത്രം വിശദാംശങ്ങൾ ലഭിക്കുമെന്നതിനാൽ ടെണ്ടർ പ്രക്രിയയുടെ രഹസ്യ സ്വഭാവം കാത്തു സൂക്ഷിക്കുവാൻ കഴിയുന്നു. |
| (ഡി) | എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ഈ സംവിധാനം വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ? | | |

സെക്ഷൻ ഓഫീസർ